# ആലപ്പുഴയിലെ തീരദേശ വോളന്റിയർമാർ

അരക്ഷിതമായ ജീവിതം നയിക്കുന്ന ഒരു വിഭാഗം ജനസമൂഹമാണ് തീരദേശവാസികൾ. മത്സ്യബന്ധനം പ്രധാന ജീവിത മാർഗ്ഗമാക്കിയ തീരദേശ വാസികൾക്കിടയിൽ ഭാവയെക്കുറിച്ചുള്ള ഉത്കണ്ഠ എല്ലായിപ്പോഴും നിലനിൽക്കുന്നു. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ കേരളത്തെ മലനാട്, ഇടനാട്, തീരദേശം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. സമുദ്ര നിരപ്പിൽ നിന്ന് 25 അടിയോ അതിൽ താഴെയോ ഉയരമുള്ള പ്രദേശങ്ങളെയാണ് തീരദേശം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ 14 ജില്ലകളിൽ 9 ജില്ലകളിലും തീരപ്രദേശവും തീരദേശവാസികളുമുണ്ട് എന്നത് തന്നെ സംസ്ഥാനത്ത് അവരുടെ പ്രാധാന്യം വ്യക്തമാക്കുന്നു. വയനാട്, പാലക്കാട്, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകൾക്ക് മാത്രമാണ് തീരദേശ പ്രദേശങ്ങളില്ലാത്തത്. ഒരു ഭാഗത്ത് പൂർണ്ണമായും അറബിക്കടൽ തീരമുള്ള കേരളത്തിന്റെ ആകെ നീളം 590 കിലോമീറ്ററാണ്. അത്രത്തോളം തന്നെ കടൽത്തീരവും കേരളത്തിനുണ്ടെന്ന് ചുരുക്കം. ഇന്ത്യൻ സമുദ്രതീരത്തിന്റെ 10 ശതമാനത്തോളം വരുമിത്. ഏറ്റവും കൂടുതൽ സമുദ്ര തീരമുള്ള ജില്ലകൾ ആലപ്പുഴയും കണ്ണൂരുമാണ്. 82 കിലോമീറ്റർ വീതം. തിരുവനന്തപുരത്ത് 78 കിലോമീറ്റർ സമുദ്രതീരമുണ്ട്.

2011ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ജനസംഖ്യയിൽ 10.02 ലക്ഷം പേർ മുക്കുവ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. ഇതിൽ തീരദേശത്ത് താമസമാക്കിയവർ 7.71 ലക്ഷം വരും. അനിശ്ചിതമായ ജോലി, സ്ഥിര വരുമാനമില്ലായ്മ, വിദ്യാഭ്യാസത്തിലെ പിന്നോക്കാവസ്ഥ, ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ള ലഭ്യകക്കുറവ്, മത്സ്യബന്ധനവും അനുബന്ധന പ്രവർത്തനങ്ങളുമൊഴിച്ച് മറ്റ് ഉപജീവന പ്രവർത്തനങ്ങളുടെ അഭാവം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിങ്ങനെ നിരവധി പ്രശ്നങ്ങളാണ് തീരദേശവാസികൾ നേരിടുന്നത്.

**<u>തീരദേശ മേഖലയും കുടുംബശ്രീയും</u>**

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 81 തീരദേശ സിഡിഎസുകളാണ് കുടുംബശ്രീയ്ക്ക് കീഴിലുള്ളത്. തീരദേശത്തെ 12692 അയൽക്കൂട്ടങ്ങളിലായി ഒരു ലക്ഷത്തിലധികം വനിതകൾ കുടുംബശ്രീ അംഗങ്ങളുമാണ്.

**<u>തീരദേശ വോളന്റിയർമാർ</u>**

തീരദേശ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിത നിലവാരമുയർ ത്താനും ഉപജീവന മാർഗ്ഗങ്ങൾ ഫലപ്രദമാക്കാനുമായാണ് കുടുംബശ്രീ പ്രത്യേകമായി തീരദേശ വോളന്റിയർമാരെ (കോസ്റ്റൽ വോളന്റിയർമാർ) നിയമിക്കുന്നത്.

**<u>ആശയരൂപീകരണം</u>**

തീരദേശമേഖലയിലെ പ്രശ്നങ്ങൾ നിരന്തരമായി ശ്രദ്ധയിൽപ്പെട്ടതോടെയാണ് ഈ മേഖലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിത നിലവാരമുയർത്തുന്നതിനായി പ്രത്യേക പദ്ധതികളെക്കുറിച്ച് കുടുംബശ്രീ ആലോചിക്കുന്നത്. തീരദേശ മേഖലയിൽ കുടുംബശ്രീയുടെ ഇടപെടൽ അത്ര ശക്തമല്ലെന്നതും മനസ്സിലായി. ഇതോടെയാണ് തീരദേശങ്ങളിൽ അനുഭവ സമ്പത്തുള്ളവരുടെ സേവനം ഇവിടേക്ക് മാത്രമായി നൽകുന്ന തരത്തിൽ തീരദേശ വോളന്റിയർമാർ എന്ന ആശയം രൂപീകരിക്കുന്നത്. ഇതനുസരിച്ച് തീരദേശ വോളന്റിയർമാരെ നിയമിക്കുന്നതിനുള്ള സർക്കുലർ ജൂലൈ മാസത്തിൽ തയാറാക്കി തീരദേശമുള്ള എല്ലാ ജില്ലകൾക്കും അയച്ചു നൽകുകയായിരുന്നു.

**<u>തീരദേശ വോളന്റിയർമാർ ഉത്തരവാദിത്വവും ജോലിയും</u>**

- നിയമിക്കപ്പെടുന്ന പഞ്ചായത്തിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനം ശക്തിപ്പെടുത്തുക. ഇതിനായി സിഡിഎസിനൊപ്പം ചേർന്ന് പ്രവർത്തിക്കുക
- തീരദേശ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. ഇവരുടെ കണക്കെഴുത്ത്, രേഖകൾ എന്നിവ ക്രമപ്പെടുത്തുക, നിർജ്ജീവമായ അയൽക്കൂട്ടങ്ങളെ പുനഃസംഘടിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക

- അയൽക്കൂട്ട വോളന്റിയേഴ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക. ഇവരുടെ ദൗത്യങ്ങളും ഉത്തരവാദിത്വങ്ങളും ഇവരെ ബോധ്യപ്പെടുത്തുക
- സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക, ക്രമപ്പെടുത്തുക
- അയൽക്കൂട്ടങ്ങളുടെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് കാസ് അംഗങ്ങളെ സഹായിക്കുക, അയൽക്കൂട്ടങ്ങളെ ഓഡിറ്റിനു സജ്ജരാക്കുക
- അയൽക്കൂട്ടങ്ങളിൽ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുക. സമാന സ്വഭാവമുള്ള മറ്റ് സംവിധാനങ്ങളിൽ നിന്നും ലിങ്കേജ് വായ്പയെടുക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക
- അയൽക്കൂട്ടതലങ്ങളിൽ നിന്നും വികസനാവശ്യങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സൂക്ഷ്മതല ആസൂത്രണ രേഖകൾ തയാറാക്കുകയും ആയത് ബന്ധപ്പെട്ട ഏജൻസികൽക്ക് കൈമാറുകയും ചെയ്യുക
- കുടുംബശ്രീ അംഗങ്ങൾക്ക് മികച്ച വരുമാനം ഉറപ്പാക്കുന്ന ഉപജീന-സംരംഭ പ്രവർത്തനങ്ങൾ കണ്ടെത്തി അവ നടപ്പാക്കുന്നതിന് നേതൃത്വം നൽകുക
- സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് ശ്രമിക്കുക
- വിവിധ സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക
- സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുക
- കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷനുകളുടെ പ്രവർത്തനങ്ങൾ താഴേത്തട്ടിലെത്തിക്കുക
- കുടുംബശ്രീ ജില്ലാ റിവ്യൂ യോഗങ്ങളിലും പരിശീലനങ്ങളിലും പങ്കെടുക്കുക

## ആലപ്പുഴയിലെ തീരദേശ വോളന്റിയർമാർ

**തുടക്കം**

കുത്തിയതോട്, തുറവൂർ, പട്ടണക്കാട്, മാരാരിക്കുളം സൗത്ത്, മാരാരിക്കുളം നോർത്ത്,

കടക്കാരപ്പള്ളി, ആര്യാട്, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത്, അമ്പലപ്പുഴ നോർത്ത്, അമ്പലപ്പുഴ സൗത്ത്, പുറക്കാട്, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, ചേർത്തല സൗത്ത് എന്നീ സിഡിഎസുകൾക്ക് കീഴിലാണ് ആലപ്പുഴയിലെ തീരദേശ അയൽക്കൂട്ടങ്ങളുള്ളത്.

സംസ്ഥാന മിഷനിൽ നിന്നും ലഭിച്ച നിർദ്ദേശ പ്രകാരം ആലപ്പുഴ ജില്ലാ മിഷൻ കോർഡിനേറ്റർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഓഗസ്റ്റ് 16 ആയിരുന്നു അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി.

<u>അപേക്ഷകർക്ക് വേണ്ട യോഗ്യതകൾ</u>

ഹയർസെക്കണ്ടറി- തത്തുല്യ വിദ്യാഭ്യാസ യോഗ്യത, കുടുംബശ്രീ അയൽക്കൂട്ട അംഗമായിരിക്കണം, മലയാള ഭാഷാ പ്രാവീണ്യം, മികച്ച ആശയവിനിമയ ശേഷി, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ശേഷി, തീരദേശ മേഖലയിൽ വസിക്കുന്നവരായിരിക്കണം, അതാത് പഞ്ചായത്തിലുള്ളവർ അതാത് പഞ്ചായത്തുകളിലേക്കാ കണം അപേക്ഷിക്കുന്നത്, യാത്രാ സന്നദ്ധത, കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം, മുൻ സിഡിഎസ്- എഡിഎസ് ഭാരവാഹികൾ- കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് മുൻഗണന, നിലവിലുള്ള ഭാരവാഹികൾക്ക് അപേക്ഷിക്കാൻ അർഹതയില്ല, 21നും 45നും ഇടയിൽ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. , 6000 രൂപയാണ് പ്രതിമാസ വേതനം. 2017 സെപ്റ്റംബർ മുതൽ 2018 മാർച്ച് വരെയാണ് നിയമനം.

ആലപ്പുഴയിലെ 15 സിഡിഎസുകളിലേക്കായി 29 അപേക്ഷകളാണ് ലഭിച്ചത്. ഓഗസ്റ്റ് 25 മുതൽ 27 വരെ അഭിമുഖം നടത്തി. ചേർത്തല സൗത്ത് നഗര പ്രദേശ സിഡിഎസ് ആയതിനാൽ ഇവിടെ ഒഴികെയുള്ള 14 സിഡിഎസുകളിലേക്കായി ഓഗസ്റ്റ് 27ന് 14 പേരുൾപ്പെട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും 28ന് അവർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തു. 2017 സെപ്റ്റംബർ ഒന്നിന് നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. നിയമനം ലഭിച്ചവർക്ക് നവംബറിൽ സംസ്ഥാന തലത്തിൽ മൂന്ന് ദിവസം നീളുന്ന പരിശീലനവും നൽകി.

<u>പ്രവർത്തനം</u>

- മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ വിധ പ്രവർത്തനങ്ങളും നിയമനം നടത്തിയ 14 സിഡിഎസുകളിലും തീരദേശ വോളന്റിയർമാർ നടത്തിവരുന്നു.
- തീരദേശ അയൽക്കൂട്ട ങ്ങൾക്ക് റിവോൾവിങ് ഫണ്ടായി 15000 രൂപയാണ് കുടുംബശ്രീ നൽകുന്നത്. ഗ്രാമ പ്രദേശങ്ങളിലെ സിഡിഎസുകളിലെ തീരദേശ അയൽക്കൂട്ടങ്ങൾക്ക് മാത്രമാണ് ആദ്യ ഘട്ടത്തിൽ ഫണ്ട് നൽകിവരുന്നത്. ഇതിനായി പ്രത്യേക അപേക്ഷ ഫോം സിഡിഎസ് മുഖേന ജില്ലാ മിഷന് സമർപ്പിച്ചു. ഇതനുസരിച്ച് സംസ്ഥാന മിഷനിൽ നിന്ന് നൽകിയ ടാർഗറ്റ് അനു സരിച്ച് 511 തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ട് നൽകി കഴിഞ്ഞു.
- എല്ലാ മാസവും അഞ്ചാം തിയതി തീരദേശ റിവ്യൂ മീറ്റിങ് നടത്തുന്നു. ഓരോ മാസവും റിപ്പോർട്ട് വാങ്ങുന്നു. ഒരു മാസത്തിലെ എല്ലാ ദിവസത്തെയും തീര ദേശ വോളന്റി യർമാരുടെ പ്രവർത്തനം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.
- സിഡിഎസിൽ വോളന്റിയർമാരുടെ ഹാജർ ബുക്ക് സൂക്ഷിക്കുന്നു. സിഡിഎസ് അക്കൗണ്ടിലേക്ക് ജില്ലാ മിഷനിൽ നിന്ന്  നൽകും. സിഡിഎസ് ആണ് വോളന്റി യർക്ക് വേതനം നൽകുന്നത്.

## ആലപ്പുഴയിലെ തീരദേശ സിഡിഎസ് റിപ്പോർട്ട്

| സിഡിഎസ് | എൻഎച്ച്ജികൾ | സജീവമായ എൻഎച്ച്ജികൾ | ആകെ അംഗങ്ങൾ | മാച്ചിങ്ഗ്രാന്റ് ലഭിച്ച എൻഎച്ച്ജികൾ | ലിങ്കേജ് ലോൺ എടുത്ത എൻഎച്ച്ജികൾ | |
|---|---|---|---|---|---|---|
| അമ്പലപ്പുഴ തെക്ക് | 50 | 50 | 683 | 4 | 41 | |
| അമ്പലപ്പുഴ വടക്ക് | 118 | 118 | 1633 | 0 | 55 | |
| ആറാട്ടുപുഴ | 273 | 273 | 3916 | 66 | 126 | |
| ആര്യാട് | 18 | | 292 | 16 | 5 | |
| കടക്കാരപ്പള്ളി | 53 | | 761 | 30 | 45 | |

| | | | | | | |
|---|---|---|---|---|---|---|
| കുത്തിയതോട് | 18 | 18 | 232 | 3 | 13 | |
| മാരാരിക്കുളം തെക്ക് | 237 | 151 | 3281 | 146 | 22 | |
| മാരാരിക്കുളം വടക്ക് | 99 | 99 | 1551 | 10 | 12 | |
| പട്ടണക്കാട് | 15 | 15 | 214 | 3 | 4 | |
| പുന്നപ്ര തെക്ക് | 20 | | 270 | 0 | 2 | |
| പുന്നപ്ര വടക്ക് | 109 | 109 | 1504 | 11 | 69 | |
| പുറക്കാട് | 151 | 151 | 2125 | 60 | 100 | |
| തൃക്കുന്നപ്പുഴ | 237 | 214 | 3391 | 77 | 166 | |
| തുറവൂർ | 58 | 58 | 837 | 19 | 48 | |
| | 1456 | 1256 | 20690 | 445 | 708 | |